## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4411** 22.07.2015 ന് മറുപടിയ്ക്ക്

## വ്യാജവാറ്റും വ്യാജമദ്യവില്പനയും കഞ്ചാവ് വില്പനയും തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബാബു എം. പാലിശ്ശേരി :** | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് ടൂ സ്റ്റാർ, ത്രീ സ്റ്റാർ ബാറുകൾ പൂട്ടിയതിനുശേഷം വ്യാജ വാറ്റും വ്യാജമദ്യവില്പനയും കഞ്ചാവ് വില്പനയും വർദ്ധിച്ചു വരുന്നതായ വാർത്തകളുടെ അടിസ്ഥാനത്തിൽ അവ തടയുന്നതിന് എക്സൈസ് വകുപ്പ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കാമോ; | (എ) സംസ്ഥാനത്ത് ടൂ സ്റ്റാർ, ത്രീ സ്റ്റാർ ബാറുകൾ പൂട്ടിയതിനുശേഷം വ്യാജ വാറ്റും വ്യാജമദ്യ വില്പനയും കഞ്ചാവ് വില്പനയും തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട് പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയ പാതയിലും മറ്റു പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട്. കേരളത്തിലേയ്ക്ക് ലഹരി വസ്തുക്കൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തു നിന്നും കടത്തിക്കൊണ്ടുവരാനുള്ള സാധ്യതകൾ മുന്നിൽകണ്ട് എല്ലാ ചെക്ക് പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബരകാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും ലഹരി വസ്തുക്കളുടെ നിർമ്മാണം, വില്പന എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും, ജനകീയ കമ്മിറ്റികൾ യഥാസമയം കൂടിയും പൊതുജനങ്ങ |

| | | | |
|---|---|---|---|
| | | | ളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും ലഹരി വസ്തുക്കളുടെ വില്പനക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, സംസ്ഥാനതലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജൂൺ 15 മുതൽ ജൂലൈ 15 വരെ " ഓപ്പറേഷൻ മൂൺഷൈൻ" എന്ന പേരിൽ തീവ്ര എൻഫോഴ്സ്മെന്റ് ഡ്രൈവ് നടപ്പിലാക്കിയിരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായി എല്ലാ മാസവും എക്സൈസ് കമ്മീഷണർ മാസാവ ലോകന യോഗം കൂടി എൻഫോഴ്സ്മെന്റ് പ്രവർത്തന ങ്ങളുടെ കൃത്യമായ അവലോകനം നടത്തി വരുന്നുണ്ട്. |
| (ബി) | വീടുകൾ കേന്ദ്രീകരിച്ച് വ്യാജ മദ്യ വില്പന റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യ ത്തിൽ കൂടുതൽ വനിതാ എക്സൈസ് ഗാർഡുകളെ നിയമിച്ച് റെയ്ഡുകൾ ഊർജ്ജിത പ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം നല്കുമോ; | (ബി) | വീടുകൾ കേന്ദ്രീകരിച്ച് വ്യാജമദ്യ വില്പന റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ശക്തമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. വ്യാജമദ്യ നിർമ്മാണത്തിലും വിപണനത്തിലും ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾക്കെതിരെ നിലവിലുള്ള വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ സേവനം ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**